**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1596** **03-02-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറത്ത് റവന്യൂ ടവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം കളക്ടേറ്റിലെ ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ച് മാറ്റി റവന്യൂ, സർവേ വകുപ്പുകളിലെ ഓഫീസുകൾക്കായി പുതിയ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | മലപ്പുറം സിവിൽ സ്റ്റേഷനിൽ റവന്യൂ ടവർ നിർമ്മാണം എന്ന പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അടങ്കൽ തുക രേഖപ്പെടുത്തുകയും നിലവിൽ 100രൂപയുടെ ടോക്കൺ പ്രൊവിഷൻ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 75.20 കോടി രൂപയുടെ പുതുക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലാന്റ് റവന്യൂ കമ്മീഷണർ പരിശോധിച്ച് വരികയാണ്. |
| (ബി) | റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രസ്തുത പദ്ധതിക്ക് 75.20 കോടി രൂപയുടെ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കി പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രൊപ്പോസൽ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുകയുണ്ടായില്ല. |
| (സി) | നിലവിൽ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിയേണ്ടതിനാലും സംസ്ഥാനത്ത് എറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയുടെ ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും റവന്യൂ ടവർ അനിവാര്യമായതിനാൽ പ്രസ്തുത പദ്ധതിക്ക് എത്രയും വേഗം അനുമതി നൽകുമോ; വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ടും അനുബന്ധ രേഖകളും ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിക്കുന്ന മുറയ്ക്ക് ബജറ്റ് ലഭ്യതയ്ക്ക് വിധേയമായി ടി പദ്ധതിയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ